# കരിങ്കയം എ എൽ പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## (സ്കൂൾ തലം)

## 2025-26

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് :കരിങ്കയം
എ എൽ പി
മേൽവിലാസം: കരിങ്കയം
എഎൽപി
തടിക്കടവ് പി ഒ
94 96 72 27 77
സ്കൂൾ കോഡ്: 13708
വിദ്യാഭ്യാസ ജില്ല: കണ്ണൂർ
വിദ്യാഭ്യാസ ഉപജില്ല:
തളിപ്പറമ്പ് നോർത്ത്
ബിആർസി: തളിപ്പറമ്പ്
നോർത്ത്
ഗ്രാമപഞ്ചായത്ത്: ചപ്പാരപ്പടവ്
താലൂക്ക് :തളിപ്പറമ്പ്
വില്ലേജ്: തിമിരി
ഹെഡ്മാസ്റ്റർ :പ്രേംജി എ

# ആമുഖം

പ്രാഥമിക വിദ്യാഭ്യാസം ഒരു വിദ്യാർത്ഥിയുടെ ബൗദ്ധിക സാമൂഹിക മാനസിക വളർച്ചയ്ക്ക് അടിസ്ഥാനശിലയായിരിക്കുന്നു. കുട്ടികളുടെ സ്വഭാവം, അഭിരുചി, കഴിവ് തുടങ്ങിയവ അനുസരിച്ച് പഠനം ആസ്വാദ്യകരവും ഉൾക്കൊള്ളുന്നതുമായ രീതിയിൽ ആക്കുന്നതാണ് ഇന്ന് വിദ്യാഭ്യാസരംഗത്ത് ആവശ്യമായ പ്രധാന ഘടകം. ഈ ദിശയിലാണ് നമ്മുടെ എൽപി സ്കൂൾ വിദ്യാഭ്യാസം ഏകീകരിക്കപ്പെടേണ്ടത്.

ആധുനിക വിദ്യാഭ്യാസം പഠനത്തിൽ കുട്ടിയുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും വിദ്യാർത്ഥികളുടെ വൈവിധ്യങ്ങളെയും ആവശ്യങ്ങളെയും അടിസ്ഥാനമാക്കിയുള്ള അധ്യാപ ന രീതികൾ ഉപയോഗിക്കുകയും ചെയ്യുന്ന രീതിയിൽ ആയിരിക്കണം. ഇതിന് ആവശ്യമായ ആസൂത്രിതമായ പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടത്തേണ്ടത് നിർബന്ധമാണ്.ഈ ആവശ്യകത പരിഗണിച്ചാണ് നമ്മുടെ സ്കൂളിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

അഭിമാനപൂർവ്വം നിങ്ങൾക്കായി
സമർപ്പിക്കുന്നു

പിടിഎ പ്രസിഡണ്ട് — ശ്രീ. പ്രകാശൻ

ഹെഡ്മാസ്റ്റർ — പ്രേംജി എ

# അക്കാദമികം

## നേട്ടങ്ങൾ

* അക്കാദമിക് പ്രവർത്തനങ്ങൾ മികച്ചരീതിയിൽ നടത്തുന്നതിന് ഉന്നതയോഗ്യരായ അധ്യാപകർ
* ശിശു സൗഹൃദ സ്കൂൾ അന്തരീക്ഷം.
* മികച്ച ലൈബ്രറി കമ്പ്യൂട്ടർ സൗകര്യങ്ങൾ
* ക്ലാസിലൊരു ലൈബ്രറി. വീട്ടിലൊരു ലൈബ്രറി.
* വായനാ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ
* കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രദർശിപ്പിക്കാനും വികസിപ്പിക്കാനുമുള്ള അവസരങ്ങൾ.
* വിദ്യാലയ പൂന്തോട്ടം, കാർഷിക പ്രവൃത്തികൾ എന്നിവയ്ക്ക് അവസരങ്ങൾ.
* മികച്ച ശുചിത്വ ശീലങ്ങൾ പരിശീലിക്കാൻ അവസരം.
* LSS സ്കോളർഷിപ്പ് പരിശീലനം, മികച്ച വിജയം.
* ശില്പശാലകളും, ക്ലാസുകളും കുട്ടികൾക്ക് വ്യത്യസ്ത ശേഷികൾ സ്വായത്തമാക്കാൻ സഹായിച്ചു.
* ഫീൽഡ് ട്രിപ്പുകൾ, നാടറിയാൻ, പൂവറിയാൻ തുടങ്ങിയ പരിസരാന്വേഷണപരമായ പ്രവർത്തനങ്ങൾ.

## ENGLISH

* ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക.
* അസംബ്ലി, ബാലസഭ ഇടവേള പോലുള്ളവയിൽ ഇംഗ്ലീഷ് പ്രവർത്തനങ്ങൾക്ക് അവസരം ഒരുക്കുക
* ശ്രവണം, വായന, ലേഖനം ഇവയ്ക്ക് പ്രാപ്തരാക്കുക.
* ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
* കുട്ടികളുടെ നിലവാരത്തിനനുയോജ്യമായ ഇംഗ്ലീഷ് പുസ്തകങ്ങൾ ലഭ്യമാക്കുക.
* രക്ഷിതാക്കളുടെ സഹകരണത്തോടെ ഇംഗ്ലീഷ് വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക
* പഠനസമയത്ത് വർധിപ്പിക്കാവുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

## ഭാഷാവികസനം

* എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* പ്രായത്തിനനുയോജ്യമായ ആശയവിനിമയശേഷി നേടി എന്ന് ഉറപ്പുവരുത്തുക.
* സർഗ്ഗാത്മക രചനയ്ക്കുള്ള അവസരങ്ങളൊരുക്കുക
* വിപുല വായനയിലേക്ക് ഉയർത്തുക
* സംയുക്ത ഡയറിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

## പരിസരപഠനം

* ശാസ്ത്രപഠനത്തിൽ താൽപര്യം, ശാസ്ത്രീയ മനോഭാവം ഇവ വളർത്തുക
* ശാസ്ത്രമേളയിൽ പങ്കാളിത്തം ഉറപ്പാക്കുക, സാഹചര്യങ്ങൾ
* ഫീൽഡ്ട്രിപ്പ്, പ്രോജക്ടുകൾ ഇവ നടത്തുക.
* ദിനാചരണങ്ങൾ, ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുന്ന പരിപാടികൾ ചർച്ചകൾ ഇവ സംഘടിപ്പിക്കുക.
* പരിസരത്തിനോട് അടുത്ത് ഇടപെടാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
* ലഘുപരീക്ഷണങ്ങൾ ചെയ്യാനായി അവസരമൊരുക്കുക

## ഗണിതം

* അടിസ്ഥാന ഗണിത ക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പുവരുത്തുക.
* നിത്യജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തി ഗണിത പ്രവർത്തനങ്ങൾ നൽകുക
* ഓരോ കുട്ടിയും ക്ലാസ് നിലവാരത്തിലുള്ള ഗണിത ശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുക
* ഗെയിമുകൾ, പസിലുകൾ ഇവ കൂടുതലായി നൽകുക
* രക്ഷിതാക്കളുടെ സഹകരണത്തോടെ പഠനോപകരണ ശില്പശാലകൾ നടത്തുക.
* ഗണിത ക്ലബ്ബിന്റെ പ്രവർത്തനം സജീവമാക്കുക.

## ലക്ഷ്യങ്ങൾ

* കുട്ടികളിൽ ഉള്ളിൽ വളരുന്ന സൈദ്ധാന്തികമായ ഗുണങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക
* ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക
* ആശയം ഉൾക്കൊണ്ട് വായിക്കാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
* ഭാഷയുമായി പരിചയം ഉണ്ടാക്കുന്നതും സംസാര ശേഷി വർദ്ധിപ്പിക്കുന്നതും ചെയ്യുക.
* സ്വതന്ത്രമായി ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക.
* കുട്ടികളുടെ ബുദ്ധിശക്തി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുക.
* സ്വതന്ത്രമായ വായനാ ശേഷിയെ ശക്തിപ്പെടുത്തുക.
* അർത്ഥം മനസ്സിലാക്കിയുള്ള ശ്രവണശേഷി വർദ്ധിപ്പിക്കുക.

# കലാകായിക പ്രവൃത്തി പരിചയം

- കലാഭിരുചി, സർഗാത്മക കഴിവുകൾ ഉള്ളവരെ കണ്ടെത്തി വികസിപ്പിക്കുക
- കലാപഠനത്തിൽ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക.
- പാഴ്വസ്തുക്കളിൽ നിന്ന് പുനരുപയോഗ സാധ്യതയുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കാനുള്ള കഴിവ് പ്രയോജനപ്പെടുത്തുക.
- നാടൻ കളികളുടെ പരിശീലനം നൽകുക
- മികച്ച കായികക്ഷമത ഉറപ്പാക്കുക
- യോഗ, സുംബ, കരാട്ടെ പരിശീലനങ്ങൾ നൽകുക
- മികച്ച ആരോഗ്യ, ഭക്ഷണ ശീലങ്ങൾ പരിശീലിപ്പിക്കുക
- ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാകുട്ടികൾക്കും അവസരം നൽകുക
- വിവിധ ശില്പശാലകൾ സംഘടിപ്പിക്കുക.

# ഭാഷ

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യങ്ങൾ | കാലം | സാമ്പത്തികം | പ്രവർത്തനം | ചുമതല |
|---|---|---|---|---|---|
| പുസ്തകം എന്റെ ചങ്ങാതി [വായന] | കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | June to March. | 2000. | വീട്ടിലൊരു ലൈബ്രറി, ക്ലാസിലൊരു ലൈബ്രറി ഇവ തയ്യാറാക്കൽ | അധ്യാപകർ, രക്ഷിതാക്കൾ |
| കഥാവേള [വായന] | കേട്ട കഥകൾ പല വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കൽ | June 19 to March. | - | എല്ലാദിവസവും 1.30 മുതൽ 2 pm വരെ എല്ലാ കുട്ടികൾക്കും കഥകൾ വായിച്ച് കൊടുക്കൽ. കേട്ട കഥകൾ പറയൽ. ആസ്വാദന കുറിപ്പ് തയ്യാറാക്കൽ. അഭിനയം. | ടീച്ചർ |
| പിറന്നാൾ സമ്മാനം (വായന) | വായനാശീലം എല്ലാ കുട്ടികളിലും | JUNE to March. | - | | |
| അസംബ്ലി (വായന) | അർത്ഥപൂർണ്ണമായി കുട്ടികൾക്ക് വായിക്കുവാൻ കഴിയുന്നു. | JUNE to MARCH. | - | അസംബ്ലിയിൽ ഒരു ദിവസം ഒരു കുട്ടി വീതം [ഓരോ ക്ലാസിലും] വായിക്കുന്നു. | ടീച്ചർ |
| കഥ പറയാം കേൾക്കാം... [Class I] | വായനാശീലം വളർത്തുക. | മാസത്തിൽ ഒരിക്കൽ JUNE to MARCH | | അമ്മമാർ കുട്ടികൾക്ക് കഥ വായിച്ചുകൊടുക്കുന്നു. അവ കുട്ടികൾ പറയുന്നു. അവ ക്ലാസ് വാട്സ് ആപ്പ് ഗ്രൂപ്പ് വഴി Share ചെയ്യുന്നു. | രക്ഷിതാക്കൾ |
| എന്റെ വായനാക്കുറിപ്പുകൾ (ലേഖനം) | എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായന-എഴുത്ത് ഇവയ്ക്ക് പ്രാപ്തരാക്കുന്നു. | JUNE to MARCH. | | വായനാ കുറിപ്പുകൾ തയ്യാറാക്കി അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | ടീച്ചർ |
| ക്ലാസ് തല പതിപ്പുകൾ (ലേഖനം) | ആശയങ്ങൾ വിവിധ തരത്തിൽ അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുന്നു. | JUNE to MARCH. എല്ലാമാസവും | 500. | വിദ്യാലയ വിശേഷങ്ങൾ ക്ലാസ് വിവരങ്ങൾ ഇവ പങ്കുവയ്ക്കുന്ന ക്ലാസ് തല പതിപ്പുകൾ ഒരുക്കൽ. | ടീച്ചർ, കുട്ടികൾ |

| | | | | |
|---|---|---|---|---|
| സർഗ്ഗവേള [ലേഖനം] [പ്രകടന വേദികൾ] | ആശയങ്ങൾ വിവിധ തരത്തിൽ പ്രകടിപ്പിക്കുന്നതിനുള്ള ശേഷി നേടുക. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി എഴുതാനും വായിക്കുവാനും പ്രാപ്തരാക്കുക. | അദ്ധ്യാപകർ തയ്യാറാക്കി വായിച്ച പുസ്തകങ്ങളെ കുറിച്ച് വായനാക്കുറിപ്പ് തയ്യാറാക്കൽ. [ഒന്നാം ക്ലാസിൽ വായനാ കാർഡ് നിർമ്മാണം] | JUNE to MARCH | Class Trs. |
| ആശയാവതരണ രീതിയിലൂടെ സചിത്രപാഠങ്ങൾ രൂപീകരിക്കുക. [ആശയരൂപീകരണം] | ആശയ വിനിമയ ശേഷി കൈവരിക്കൽ. | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | JUNE to MARCH | Staffs. |
| രചനോത്സവം [ലേഖനം] | ആശയങ്ങൾ വിവിധ തരത്തിൽ പ്രകടിപ്പിക്കുന്നതിനുള്ള ശേഷി നേടുക. | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ. | JUNE - MARCH. | Class Trs. |

# English

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|---|
| 1. English Assembly [പ്രഭാതവേദി] | English ൽ ഉള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ. | ആഴ്ചയിൽ ഒരിക്കൽ കുട്ടികൾ തന്നെ ഇംഗ്ലീഷ് Assembly നടത്തുന്നു. | 1 time in a week | school leader. | |
| 2. English diary II, III & IV classes [Writing] | To improve English Writing. | ഓരോ ദിവസത്തെയും സംഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുന്നു. | 1 time in a week | class teacher | |
| 3. Reading card work shop. [Reading material] | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | Include parents for make reading cards | July | MPTA | 1000 |
| 4 Work sheet work shop. അധ്യാപക ശാക്തീകരണം. | മുഴുവൻ കുട്ടികളും ഇംഗ്ലീഷിൽ പ്രാവീണ്യം നേടുക. | വിവിധ നിലവാരക്കാരായ കുട്ടികൾക്കായി work sheetകൾ അധ്യാപകരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നു. | July to march | SRG MPTA, Class Teacher | 1000 |
| 5 spoken English | കുട്ടികൾക്ക് ഇംഗ്ലീഷ് വാക്യങ്ങൾ അനായാസം സംസാരിക്കാൻ പ്രാപ്തരാക്കുക. | എല്ലാ ദിവസവും രാവിലെ 10 mins അതാത് class teachers English class നടത്തുന്നു. | July to march | class Trs. | |

ഗണിതം.

| പ്രവർത്തനങ്ങളുടെ പേര് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. ഗണിത ലാബ് | അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും നേടുന്നതിന്. | മുഴുവൻ ക്ലാസ്സുകളിലും ഗണിത ലാബുകൾ ക്രമീകരിക്കൽ. | JUNE | Class Tr | 500 |
| 2. മഞ്ചാടി സഞ്ചി. [Class I] | ഗണിത പ്രവർത്തനങ്ങൾ വസ്തു ബന്ധിതമായി ചെയ്യുന്നതിന്. | ഓരോ കുട്ടിക്ക് ഓരോ സഞ്ചിവീതം തയ്യാറാക്കുന്നു. [ഈർക്കിൽ, മഞ്ചാടി കല്ലുകൾ, നാടപ്പുങ്ങൾ etc] | July | Class teachers & രക്ഷിതാക്കൾ. | 500 |
| 3. ഗണിത വർക്ക്ഷീറ്റ് ശില്പശാല. | പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങളും എല്ലാ കുട്ടികളെയും നേർഫലമാക്കുക. | എല്ലാ ക്ലാസ്സുകളിലെയും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ. | ഓരോ ടേമിന്റെയും തുടക്കത്തിൽ | SRG, Class Tr | 2000 |
| 4. ഗണിത മധുരം. | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കാൻ. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ. [ശില്പശാലകൾ. | JUNE August NOVEMBER | SRG Trs. | 1000. |

# പരിസരപഠനം.

| ക്രമ നം | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|---|
| 1. | പരീക്ഷണ കിറ്റ്. | ശാസ്ത്ര പ്രക്രിയാ ശേഷികളുടെ വളർച്ചയ്ക്കും വികാസത്തിനുമുതകുന്ന പ്രവർത്തനങ്ങൾ ഒരുക്കൽ. | ആവശ്യമായ കുട്ടികൾക്കും [3, 4] ശാസ്ത്ര പരീക്ഷണങ്ങൾക്കുതകുന്ന വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും പരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നതിനും. | June To March | Class Trs | 1000 |
| 2. | ശാസ്ത്ര പരീക്ഷണ ശില്പശാല. | ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളുതകുന്ന വിധം ശില്പശാലകൾ സംഘടിപ്പിക്കൽ. | ഓഗസ്റ്റ് | Class Trs. | 1000 |
| 3. | എന്റെ പരീക്ഷണം [കുറിപ്പ്] [IV] | ശാസ്ത്ര പഠന താത്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ. | എല്ലാ മാസത്തിലും | Class Trs | |
| 4. | അതിഥിയെ അറിയൽ. [സാമൂഹിക അവബോധം വളർത്തൽ] | ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിനും. | പ്രാദേശികമായി ലബ്ധരായ വ്യക്തികളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. | ഓരോ മാസവും. | CLASS Trs. | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ഫീൽഡ് ട്രിപ്പ്. | സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പൊതു സ്ഥാപനങ്ങളിലേയ്ക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ഓരോ മാസവും | ടീച്ചർ. | |
| | | IT | | | |
| IT പരിശീലനം. | വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | ആഴ്ചയിലൊരിക്കൽ കുട്ടികൾക്ക് പരിശീലനം നൽകുന്നു. | ആഴ്ചയിലൊരിക്കൽ. | ടീച്ചർ. | |
| ലാബ് | കുട്ടികൾക്ക് സ്വതന്ത്രമായും നിർദേശമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം. | ICT പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ. | എല്ലാ മാസത്തിലും | CLASS TRS. | |

# പ്രവൃത്തി പരിചയം.

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| പ്രവൃത്തിപരിചയമേള. | നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. | സെപ്റ്റംബർ. | Class Tr | 1000 |
| ഒറിഗാമി. | ഇതര വിഷയ പഠനവുമായി പ്രവൃത്തി പരിചയ അനുഭവത്തെ ബന്ധിപ്പിക്കുക. | പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ. | July to september | Resource Person | 1500 |
| | സർഗ്ഗവേദി. | | | | |
| സർഗ്ഗവേദി | കലാഭിരുചി വളർത്തുക. [സർഗാത്മക കഴിവുകൾ] | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. | എല്ലാ വെള്ളിയാഴ്ചകളിലും | വിദ്യാരംഗം കൺവീനർ. | |
| പ്രകടന വേദികൾ [സോഷ്യൽ മീഡിയ പ്രകടനങ്ങൾ. | ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കൽ. | കുട്ടികളുടെ കഴിവുകൾ സോഷ്യൽ മീഡിയയിലൂടെ പങ്കുവയ്ക്കൽ. | JUNE to MARCH | SRG. | |